(സി) നിലവിലുള്ള ഒഴിവുകളിലേക്ക് മുൻ പി.എസ്.സി. ലിസ്റ്റിൽ എസ്.സി./ എസ്.ടി. വിഭാഗക്കാർ ഇല്ലാത്തതിനാൽ പ്രസ്തുത ഒഴിവുകളിലേക്ക് നിലവിലുള്ള ലിസ്റ്റിൽ നിന്നും ഉദ്യോഗാർത്ഥികളെ എടുത്ത് ഒഴിവുകൾ നികത്തിയിട്ടുണ്ടോ;

(ഡി) എങ്കിൽ എത്ര പേർക്ക് നിയമനശുപാർശ നൽകിയിട്ടുണ്ടെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) 208 പേർക്ക് നിയമനം നല്കിക്കഴിഞ്ഞു.

(ബി സി & ഡി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

ഹോമിയോപ്പതി വകുപ്പിലെ ഫാർമസിസ്റ്റ് തസ്തിക

42 [1514] ഡോ. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹോമിയോപ്പതി വകുപ്പിൽ ഫാർമസിസ്റ്റ് തസ്തികയിലേക്കുള്ള നിയമനത്തിനായി അപേക്ഷ ക്ഷണിച്ചുകൊണ്ട് 27-10-1998-ൽ പി.എസ്.സി. വിജ്ഞാപനം പുറപ്പെടുവിച്ചുവോ; എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ നൽകുമോ;

(ബി) വിജ്ഞാപനം നൽകിയ അവസരത്തിൽ എത്ര ഒഴിവുകൾ ഉണ്ടായിരുന്നുവെന്നും നിലവിൽ എത്ര ഒഴിവുകൾ ഉണ്ടെന്നും വ്യക്തമാക്കുമോ;

(സി) ഈ തസ്തികയിലേക്കുള്ള ടെസ്റ്റും ഇൻറർവ്യൂവും ഏതൊക്കെ തീയതികളിലാണ് പി.എസ്.സി. നടത്തിയതെന്നും റാങ്ക് ലിസ്റ്റ് എപ്പോൾ പ്രസിദ്ധീകരിച്ചുവെന്നും അറിയിക്കുമോ;

(ഡി) ലിസ്റ്റിന്റെ കാലാവധി എപ്പോൾ പൂർത്തിയാവും എന്ന് വ്യക്തമാക്കാമോ;

(ഇ) ലിസ്റ്റിൽ നിന്നും ആകെ എത്രപേരെ നാളിതുവരെ നിയമിച്ചുവെന്നും ഒഴിവ് ഉണ്ടായിരുന്നിട്ടും ഈ റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്താതെയിരിക്കുന്നത് എന്തുകൊണ്ടാണെന്നും വിശദമാക്കാമോ;

(എഫ്) 1999-ൽ നിലവിൽ വന്ന സ്പെഷ്യൽ റൂൾസിന്റെ വെളിച്ചത്തിൽ ഈ ലിസ്റ്റിൽ നിന്നും തുടർന്ന് ആരേയും നിയമിക്കേണ്ടെന്ന് തീരുമാനിച്ചിട്ടുണ്ടോ;

(ജി) എങ്കിൽ ഈ തീരുമാനത്തിന്റെ ഒരു പകർപ്പ് ലഭ്യമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ ബി സി & ഡി) കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ നിന്നും വിവരം ശേഖരിച്ചുവരുന്നു

(ഇ) നാളിതുവരെ 25 പേരെ നിയമിച്ചിട്ടുണ്ട്.

(എഫ്) ഇല്ല.

(ജി) ബാധകമല്ല.

[(1515)-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.]

കേരള ആംഡ് ബറ്റാലിയനിലേക്കുള്ള പി. എസ്. സി. ലിസ്റ്റ്

43 [1516] ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ആംഡ് ബറ്റാലിയനിലേക്ക് പോലീസ് കോൺസ്റ്റബിൾമാരെ തെരഞ്ഞെടുക്കാനുള്ള പി. എസ്. സി. ലിസ്റ്റ് ഇപ്പോൾ നിലവിലുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത ലിസ്റ്റിൽനിന്നും എത്രപേരെ ആകെ പരിശീലനത്തിനായി ശുപാർശ ചെയ്തു;

(സി) കെ. എ. പി.-യിൽ ഇപ്പോൾ എത്ര ഒഴിവുകൾ ഉണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ഡി) തിരുവനന്തപുരം ജില്ലയിൽ പോലീസ് കോൺസ്റ്റബിൾമാരുടെ എത്ര ഒഴിവുകളാണുള്ളത്;

(ഇ) ഇവരിൽ നിന്ന് എസ്. എ. പി.-യിലേക്ക് എത്ര പേരെ ശുപാർശ ചെയ്യുവാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ;

(എഫ്) സംസ്ഥാനത്ത് ഇപ്പോൾ പോലീസ് സേനയിൽ കോൺസ്റ്റബിൾമാരുടെ എത്ര ഒഴിവുകളാണുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 1718 പേരെ പരിശീലനത്തിനായി ശുപാർശ ചെയ്തിട്ടുണ്ട്.

(സി) ഹവിൽദാർമാരുടെ 83-ഉം, പി.സി.-മാരുടെ 456-ഉം ഒഴിവുകൾ ഉണ്ട്.

(ഡി) 202 (എ. ആർ.-ലും ലോക്കലിലും ഉൾപ്പെടെ).

LIBRARY ARCHIVES Kerala Legislative Assembly